കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചാഴൂർ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി2)1623/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN : 680 020
തിയ്യതി 14.11.2017
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചാഴൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : ചാഴൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ടി.എസ്.ആർ(പി2)1623/17 തീയതി: 14.11.2017

## തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.11.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.10.2017 മുതൽ 26.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലത.എം.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) ശ്രീമതി.ചൈതന്യ പുരുഷോത്തമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി. സുജാത അരവിന്ദാക്ഷൻ<br>01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. എം.എഫ്.ജോസ്<br>01.04.2016 മുതൽ31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | |
| ഉദ്യോഗപ്പേര് | പേര് |
| കൃഷി ഓഫീസർ | ശ്രീമതി.മിനി ജോസഫ്<br>01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അനൂപ്. പി.എൻ.<br>01.04.2016 മുതൽ 19.07.2016 വരെ |
| | ധന്യ.ഇ<br>20.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. ഗീത<br>01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം, കുറുമ്പിലാവ് | ഡോ.സുചിത്ര.ടി.<br>01.04.2016 മുതൽ 07.08.2016 വരെ |
| | 08.08.2016 മുതൽ 09.08.2016 വരെ ഒഴിവ് |
| | ഡോ.രവീന്ദ്രൻ.ടി.വി<br>10.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം, പുള്ള് | ഡോ.ആഗ്നസ്<br>01.04.2016 മുതൽ 03.08.2016 വരെ |
| | 04.08.2016 മുതൽ 11.08.2016 വരെ ഒഴിവ് |
| | ഡോ.റോയ് ജോസഫ്<br>12.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.പ്രിയ ഭാസ്കർ<br>01.04.2016 മുതൽ 31.03.2017 വരെ |

| | |
|---|---|
| വെറ്ററിനറി സർജൻ | ഡോ. രഞ്ജിനി.എ.<br>01.04.2016 മുതൽ 09.12.2016 വരെ |
| | 10.12.2016 മുതൽ 16.12.2016 വരെ ഒഴിവ് |
| | ഡോ.സിജോ ജോസഫ്<br>17.12.2016 മുതൽ 31.03.2017 വരെ |
| പ്രധാനാദ്ധ്യാപിക,<br>ജി.എൽ.പി.എസ് കുറുമ്പിലാവ്. | ശ്രീമതി. ഉമൈറ.<br>01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ, ചാഴൂർ സർക്കിൾ | ശ്രീമതി. പത്മ.എം.എ.<br>01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ., ഇഞ്ചമുടി സർക്കിൾ | ശ്രീമതി.എമി ആനി ഐസക്ക്<br>01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഷീജ.പി.ജെ.<br>01.04.2016 മുതൽ 04.12.2016 വരെ |
| | ശ്രീമതി.സുലൈജ.എസ്.ബീഗം.<br>05.12.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മഞ്ജു.<br>01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. സുനിത.ടി.വി.<br>01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം – 1 | | |
| 1. | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |

| | | |
|---|---|---|
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | ആഭ്യന്തരനിയന്ത്രണം |
| ഭാഗം - 2 | | |
| 12 | 2-1 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 13 | 2-2 | കള്ള് ഷാപ്പുകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽനികുതി എന്നിവ ഈടാക്കേണ്ടതാണ് |
| 14 | 2-3 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ |
| 15 | 2-4 | ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല |
| 16 | 2-5 | നിലം എന്ന വിഭാഗത്തിൽ പെട്ട സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിരിക്കുന്നു. |
| 17 | 2-6 | കളക്ടറുടെ മുൻകൂർ അനുമതി ലഭിക്കുന്നതിന് മുമ്പ് പള്ളി നിർമ്മാണത്തിന് അനുമതി നൽകി |
| 18 | 2-7 | ഷോപ്പിംഗ് കോംപ്ലക്സിന് വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത |
| 19 | 2-8 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ |
| 20 | 2-9 | എസ്.സി പഠനമുറി -വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. |
| ഭാഗം - 3 | | |
| 21 | 3-1 | പാലിയേറ്റീവ് പരിചരണത്തിന് മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. |
| 22 | 3-2 | ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല. |
| 23 | 3-3 | എസ്.എസ്.എ. അധികവിഹിതം നൽകൽ -പഞ്ചായത്ത് വിഹിതമായി അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ് |

| | | |
|---|---|---|
| 24 | 3-4 | തുല്യതാ പരീക്ഷകൾ-രേഖകൾ ഹാജരാക്കിയിട്ടില്ല-39750/- രൂപ തടസ്സപ്പെടുത്തുന്നു |
| 25 | 3-5 | പോട്ട് കംപോസ്റ്റ് യൂണിറ്റ്- ലക്ഷ്യം കൈരിച്ചിട്ടില്ല |
| 26 | 3-6 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ-625844/- രൂപ തടസ്സപ്പെടുത്തുന്നു |
| 27 | 3-7 | ആശ്രയ പദ്ധതി |
| 28 | 3-8 | പഠനമുറി -സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് |
| 29 | 3-9 | പി.എം.എ.വൈ അധികവിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 460000/- രൂപ തടസ്സപ്പെടുത്തുന്നു |
| 30 | 3-10 | തൊഴിൽ ആവശ്യത്തിനു ഇരുചക്രവാഹനത്തിനു സബ്സിഡി നൽകിയത് -രേഖകൾ ഹാജരാക്കാത്തതിനാൽ 12846/- രൂപ തടസ്സപ്പെടുത്തുന്നു |
| 31 | 3-11 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ-കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവഴിച്ച തുക 3102808/- രൂപ തടസ്സപ്പെടുത്തുന്നു |
| 32 | 3-12 | 2016-17 വർഷത്തെ ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കൂടിയ നിരക്കിൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിരിക്കുന്നു |
| 33 | 3-13 | 5 ലക്ഷം രൂപ അടങ്കലുള്ള മരാമത്തു പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയിട്ടില്ല |
| 34 | 3-14 | ബില്ലിൽനിന്നും സർവ്വീസ് ടാക്സ് പിടിച്ച് സർക്കാരിലേക്ക് അടവാക്കിയിട്ടില്ല |
| 35 | 3-15 | പൊതുമരാമത്തു പ്രവൃത്തികളുടെ എഗ്രിമെന്റ് കാലാവധി നീട്ടിനൽകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല |
| 36 | 3-16 | പൊതുമരാമത്ത് പ്രവൃത്തികൾ ഒരവലോകനം |
| 37 | 3-17 | ആശ്രയ പദ്ധതി അവലോകനം |
| 38 | 3-18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലേകനം |
| | | ഭാഗം – 4 |
| 39 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 40 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 41 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |

| | | |
|---|---|---|
| 42 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 43 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 44 | 4-6 | ഓഡിറ്റ് റിക്കവറി |
| 45 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 46 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 47 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 48 | | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 23.03.2017 തീയതിയിലെ 77/17(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം പ്രതീക്ഷിത വരവ് ₹ 149622885/-, പ്രതീക്ഷിത ചെലവ് ₹ 151578964/- ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 26-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച്തിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 23.10.17 |

വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

വസ്തു നികുതി 2015-16 സാമ്പത്തിക വർഷത്തെ ബാലൻസ് തുകയല്ല 2016-17 സാമ്പത്തിക വർഷം ഡിമാന്റ് ചെയ്തിരിക്കുന്നത്.

വസ്തു നികുതി 2016-17 സാമ്പത്തികവർഷം സാംഖ്യ, സഞ്ചയ എന്നിവ പൊരുത്തപ്പെടുന്നില്ല.

നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

വാർഷികകണക്കു പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 1300/- രൂപയും രജിസ്റ്റർ പ്രകാരം 113180/- രൂപയുമാണ്.

പഴവിൽ കോ-ഓപ്പറേറ്റീവ് ബാങ്കിൽ പഞ്ചായത്തിന്റെ പേരിലുള്ള 534/2 നമ്പർ അക്കൗണ്ടിന്റെ 31.3.17-ലെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ പറയുന്ന ഡി.ഡി /ചെക്കുകൾ ദീർഘകാലമായിട്ടും പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വകയിരുത്തിയിട്ടില്ല.

| വൗച്ചർ | വൗച്ചർ | ഇൻസ്ട്രുമെന്റ് | ഇൻസ്ട്രുമെന്റ് | തുക |
|---|---|---|---|---|

| നമ്പർ | തീയതി | നമ്പർ | തീയതി | |
|---|---|---|---|---|
| 2 | 31.3.12 | 2 | 31.3.12 | 10651.84 |
| 2 | 31.3.12 | 1 | 31.3.12 | 7578.4 |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് & പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 73,44,846.25 |
| വരവ് | ₹ 6,10,05,810.00 |
| ആകെ | ₹ 6,83,50,656.25 |
| ചെലവ് | ₹ 6,09,14,862.00 |
| നീക്കിയിരിപ്പ് | ₹ 74,35,794.25 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് തുക | തൻവർഷ വരവ് | ചെലവ് തുക | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക | നീക്കി ബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,15,61,440 | 1,15,61,440 | 1,02,25,780 | 13,35,660 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 95,79,423 | 95,79,423 | 86,19,138 | 9,60,285 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 13,446 | 13,446 | 13,446 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 54,14,535 | 54,14,535 | 27,75,374 | 26,39,161 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 31,37,283 | 31,37,283 | 24,07,241 | 7,30,042 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 64,83,935 | 64,83,935 | 59,71,668 | 5,12,267 | 0 |
| ലോക ബാങ്ക് സഹായം | 0 | 33,95,443 | 33,95,443 | 17,33,481 | 16,61,962 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 59398468 | 134 | 36628547 | 33 | 8 | 76.57 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 34 | 31 | 7409941 | 6906499 | 93.21 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 84 | 50 | 22639220 | 9470575 | 41.83 |
| വി.ഇ.ഒ. | 6 | 6 | 3409800 | 2108000 | 61.82 |
| കൃഷി ഓഫീസർ | 11 | 11 | 5262733 | 4287332 | 81.47 |
| മെഡിക്കൽ ഓഫീസർ, PHC | 3 | 2 | 660000 | 410000 | 62.12 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 1 | 1 | 800000 | 800000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| വെറ്ററിനറി സർജൻ | 5 | 5 | 2209400 | 945690 | 42.80 |
| ഹെഡ്മാസ്റ്റർ, എൽ.പി.സ്കൂൾ | 8 | 7 | 2296528 | 2058378 | 89.63 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3646400 | 3646400 | 100 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 16 | 14 | 10624446 | 6346998 | 59.74 |
| ഡയറി<br>ഫാം ഇൻസ്കക്ടർ | 1 | 1 | 290000 | 290000 | 100 |
| ആകെ | 175 | 134 | 59398468 | 37419872 | 63.00 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 38.32% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം<br>(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 36,84,829 | 54,77,671 | (+)17,92,842 | (+)48.65 |
| നികുതിയേതര വരവുകൾ | 10,35,779 | 10,28,856 | (-)6,923 | (-)0.67 |
| മറ്റു വരവുകൾ | 35,558 | 72,252 | (+)36,694 | (+)103.19 |
| ആകെ | 47,56,166 | 65,78,779 | (+)18,22,613 | (+)38.32 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72,960 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 68,27,740 | 42 |
| വാർദ്ധക്യകാല പെൻഷൻ | 2,14,09,450 | 722 |
| വിധവാ പെൻഷൻ | 1,46,95,400 | 105 |
| വികലാംഗ പെൻഷൻ | 33,80,560 | 23 |
| അവിവാഹിത പെൻഷൻ | 13,02,120 | 20 |
| വിവാഹ ധനസഹായം | 3,00,000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

23.10.2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 47,701/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.10.2017 | 2017 സെപ്റ്റംബർ, ഒക്ടോബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2017 മുതൽ 22.02.2017 വരെ | 2011-12 മുതൽ 2015-16 വരെ | 26.04.2017 |

## 1-11 ആഭ്യന്തരനിയന്ത്രണം.

1)പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്.

2)എല്ലാ അപേക്ഷകളും, പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും യഥാസമയം നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ടച്ച് സ്ക്രീൻ, ടോക്കൺ സംവിധാനം, വിശ്രമ സൗകര്യം, കുടിവെള്ളം എന്നിവ ഒരുക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഓ ലൈസൻസ് സംബന്ധിച്ച അപാകതകൾ

ഡി & ഒ ലൈസൻസ് നൽകിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) 1996-ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായി വ്യാപരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ 12(3) പ്രകാരം 5എച്ച്.പിയ്ക്ക് മുകളിൽ വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം വാങ്ങി അപക്ഷയോടൊപ്പം വയ്ക്കണമെന്ന ചട്ടം പാലിക്കപ്പെട്ടിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ഇല്ലാതെയാണ് ഡി&ഒ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളത്. താഴെ പറയുന്ന സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | റൂം നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷകൻ |
|---|---|---|---|
| 1 | I/146 | പ്രൂഡന്റ് ഏന്റർപ്രൈസസ് 28.5HP | പ്രവീൺ കുമാർ.ടി.ആർ |
| 2 | I/147 | അറ്റ്ലസ് ഇൻഡസ്ട്രീസ് 14.75HP | ലയ പ്രവീൺകുമാർ |
| 3 | XV/35A | ഫുഡ് & ജോയ് ലിമിറ്റഡ് 29.5HP | ടി.കെ.ലാസർ |
| 4 | XIV/458 | ആൻസ് എഞ്ചിനീയറിങ്ങ് 9.5HP | ആന്റണി.ടി.പി |
| 5 | XVI/561 | മരക്കമ്പനി 29HP | കെ.എസ്.ദിലീപ്കുമാർ |
| 6 | XIV/27 | സെന്റ് ആന്റണീസ് ഫർണ്ണീച്ചർ 25HP | സെബി |
| 7 | XVI/178A | അച്ചു കിച്ചു ഫർണ്ണീച്ചർ 10HP | സന്തോഷ് |

| | | | |
|---|---|---|---|
| 8 | XI/429 | സി.എസ്.ആർ ബയോകൺട്രോൾ ലാബ് 10HP | റോഷൻ നാരായണൻ |

2) താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും കുറവ് ഫീസ് ഈടാക്കിയിരിക്കുന്നു.

| റൂം നം. | സ്ഥാപനം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് ഈടാക്കിയത് |
|---|---|---|---|---|
| I/226A | Hi-tech extrusions 124.5HP | 2000 | 1250 | 750 |

ഫീസിനത്തിൽ കുറവ് വന്ന തുകയായ 750/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 കള്ള് ഷാപ്പുകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽനികുതി എന്നിവ ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26.04.16-ലെ M2-7474/16 നമ്പർ കത്ത് പ്രകാരം കള്ള് ഷാപ്പുകളിൽ നിന്ന് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 29.04.16-ന് ചേർന്ന പഞ്ചായത്ത് കൗൺസിൽ യോഗത്തിലെ 95/16(7) നമ്പർ പ്രകാരം തീരുമാനം എടുത്തിരുന്നു. തുടർ നടപടികളെ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.2/19.10.17-നുള്ള മറുപടിയിൽ നിലവിൽ 9 കള്ള്ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയുടെ ലൈസൻസിയ്ക്ക് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. സ്ഥാപനം പ്രവർത്തിക്കുന്നതിന് വേണ്ട രേഖകൾ ലഭ്യമാക്കുകയും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുകയും ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| സ്ഥാപനം | അടവാക്കേണ്ട അർദ്ധവർഷം |
|---|---|
| സ്വാമിബോധാനന്ദ സ്കൂൾ, കുറുമ്പിലാവ് | I |
| ദീപാഞ്ജലി ആര്യവൈദ്യശാല | II |
| പ്രണാമം ഹോട്ടൽ | I,II |

2) ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി എന്നിവയുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല.

1) ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല. ബൈലോ

തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) നിലവിലുള്ള കമ്മ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ പ്രകാരം വാടക വരവിന്റെ കൃത്യത കണക്കാക്കുവാൻ സാധിക്കുകയില്ല. വരവ് കൃത്യമായി രേഖപ്പെടുത്തി വാർഷിക കണക്ക് തയ്യാറാക്കുന്നതിന് പര്യാപ്തമായ രീതിയിൽ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 2-5 നിലം എന്ന വിഭാഗത്തിൽ പെട്ട സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിരിക്കുന്നു.

കൈവശാവകാശ രേഖ പ്രകാരം നിലം എന്ന വിഭാഗത്തിൽ പെട്ട സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥലം ഉടമയുടെ പേര് | പെർമിറ്റ് നമ്പർ | കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ വിവരം | കെട്ടിട നമ്പർ |
|---|---|---|---|
| ഇഞ്ചമുടിക്കാരൻ ഔസേഫ് മകൻ ജോണി | എ3-1900/315/14-15 തീ.26.03.15 | 625/16 തീ.20.07.16 | IX/370B |
| മാടക്കാവിൽ ഗോപാലൻ മകൻ മുരളി | എ3-7158/13 തീ.26.08.13 | 566/16 തീ. 04.07.16 | VIII/504A |
| ഉള്ളാട്ടിൽ സീത നേത്യാര് മകൻ അജയകുമാർ | എ3 –3055/35/ 2014-15 | 19373620 തീ.15.07.16 | XII/108A |
| ചക്കാലക്കൽ വീട്ടിൽ സി.സി.ജോൺ | എ1-399 തീ.19.06.14 | 19449921/19.07.16 | IV/242A |
| പുളൂർ ഭാസ്കരൻ മകൻ ബിനു | എ3-5215/15-16/70 തീ.08.09.16 | 17965849 തീ.23.05.16 | -- |

കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിങ്ങിന് രേഖകൾ ഹാജരാക്കുമ്പോൾ മാത്രമാണ് അപാകതകൾ ശ്രദ്ധയിൽ പെടുന്നത്. കെട്ടിട നിർമ്മാണ അനുമതി നൽകുമ്പോൾ തന്നെ വേണ്ട എല്ലാ രേഖകളും ഹാജരാക്കി പരിശോധിച്ചിരുന്നെങ്കിൽ ഇത്തരം അപാകതകൾ സംഭവിക്കുമായിരുന്നില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 കളക്ടറുടെ മുൻകൂർ അനുമതി ലഭിക്കുന്നതിന് മുമ്പ് പള്ളി നിർമ്മാണത്തിന് അനുമതി നൽകി.

ചാഴൂർ സെന്റ് മേരീസ് പള്ളിയുടെ നിർമ്മാണത്തിനായി പെർമിറ്റ് നം. എ3/17/7690/16-17 തീ.21.04.16 പ്രകാരം അനുമതി നൽകി. എന്നാൽ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(8A), 7(8A) പ്രകാരം ജില്ലാ കളക്ടറിൽ നിന്നും മുൻകൂർ അനുമതി വാങ്ങണം എന്ന വ്യവസ്ഥ പാലിച്ചിരുന്നില്ല. തുടർന്ന് ജില്ലാ കളക്ടറുടെ അനുമതി ഹാജരാക്കുന്നതു വരെ മേൽ നമ്പർ പെർമിറ്റ് താൽക്കാലികമായി 25.04.16-ന് റദ്ദ് ചെയ്തു. 20.08.16-ന് തൃശ്ശൂർ

അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് സ്ഥല പരിശോധന നടത്തുകയും 17.02.17-ന് ജില്ലാ കളക്ടറുടെ അനുമതി ലഭിക്കുകയും ചെയ്തതായി കാണുന്നു. കളക്ടറുടെ മുൻകൂർ അനുമതിയില്ലാതെ ആരാധനാലയം പണിയുന്നതിന് അനുമതി നൽകുവാനിടയായത് രേഖകൾ വിശദമായി പരിശോധിക്കാത്തതു മൂലമാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഷോപ്പിംഗ് കോംപ്ലക്സിന് വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

സെന്റ് ആന്റണീസ് പള്ളി ഷോപ്പിംഗ് കോംപ്ലക്സിന്റെ പൂർത്തീകരണ പ്ലാൻ സമർപ്പിച്ചതിൻ പ്രകാരം കാർ പാർക്കിംഗ് സഹിതം {1473.19 m2+492.64 m2 (കാർ പാർക്കിങ്ങ്)} 1965.83 m2 കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിനാണ് വസ്തുനികുതി നിർണ്ണയത്തിന് വേണ്ടി സമർപ്പിച്ചത്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം നികുതി കണക്കാക്കിയ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

| മുറിയുടെ നമ്പർ | വിസ്തീർണ്ണം | തുറസ്സായ സ്ഥലം ഒഴിവാക്കിയതിന് ശേഷം നികുതി കണക്കാക്കിയത് | നികുതി നിരക്ക് + വർദ്ധനവ് | നികുതി (സെസ്സ് ഒഴികെ) |
|---|---|---|---|---|
| 302 A മുതൽ I വരെ 9മുറികൾ | 152.23 $m^2$ | 152.23$m^2$ | @70+20% | 12795 |
| 303 A മുതൽ Y വരെ 25മുറികൾ | 369.17 $m^2$ | 369.17$m^2$ | @70+20% | 31010 |
| 304 A മുതൽ M വരെ 13മുറികൾ | 193.35 $m^2$ | 193.35$m^2$ | @70+20% | 16241 |
| 305 A | 63 $m^2$ | 31.5$m^2$ | @50+20% | 1890 |
| 306 A | 185 $m^2$ | 154$m^2$ | @50+20% | 9240 |
| 307 A | 162 $m^2$ | 131$m^2$ | @50+20% | 7860 |
| ആകെ | 1124.75$m^2$ | | | |

ഇപ്രകാരം 1124.75m2 കെട്ടിടമാണ് നികുതി നിർണ്ണയത്തിന് വേണ്ടി കണക്കിലെടുത്തിരിക്കുന്നത്. നികുതിയിൽ നിന്നും ഒഴിവാക്കേണ്ട ഭാഗങ്ങൾ ഒഴിവാക്കുകയും ചെയ്തതായി കാണുന്നു. എന്നിട്ടും പൂർത്തീകരണ പ്ലാനിൽ പറയുന്ന വിസ്തീർണ്ണമായ 1473.19m2 പൂർണ്ണമായും നികുതി നിർണ്ണയത്തിൽ പെട്ടിട്ടില്ല. 348.44 m2 (1473.19 –1124.75) വിസ്തീർണ്ണം നികുതി പരിധിയിൽ വന്നിട്ടില്ല. നികുതി നിരക്ക് നിശ്ചയിച്ചതിലും അപാകത കാണുന്നു. 70, 50 എന്നീ രണ്ട് വ്യത്യസ്ത നിരക്കുകൾ പ്രകാരം നികുതി കണക്കാക്കിയിട്ടുണ്ട്. ഒരേ സ്വഭാവമുള്ള വാണിജ്യ കെട്ടിടത്തിന് രണ്ട് നിരക്കുകൾ ഈടാക്കുന്നത് യുക്തിസഹമല്ല. ആയതിനാൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം കൃത്യമായി കണക്കാക്കുകയും നികുതി നിരക്ക് ഏകീകൃതമാക്കുകയും ചെയ്ത് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 2-8 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) പൂർത്തീകരണ പ്ലാനിൽ പറയുന്ന മുഴുവൻ വിസ്തീർണ്ണത്തിനും വസ്തു നികുതി ചുമത്തിയിട്ടില്ല.

| കെട്ടിട നം. | ഉടമയുടെ പേര് | പ്ലാൻ പ്രകാരം വിസ്തീർണ്ണം | നികുതി കണക്കാക്കിയ വിസ്തീർണ്ണം | കുറവ് വന്ന വിസ്തീർണ്ണം |
|---|---|---|---|---|
| XII/407 A,B (2മുറി) | മേക്കാട്ടുകുളം കല്ലുങ്ങൽ അന്തോണി മകൻ ജോർജ്ജ് | 55.94 m2 | 51.1 m2 | 4.84 m2 |
| VII/291 A to E (5മുറി) | പൊറ്റേക്കാട്ട് കുഞ്ഞക്കൻ മകൻ സത്യദേവൻ | 212.87 m2 | 202.1 m2 | 10.77 m2 |
| III/185 A to D (4മുറി) | ചാഴൂർ വാരിയത്തുപറമ്പിൽ ശ്രീജി.വി.ആർ | 79.05 m2 | 70.67m2 | 8.38 m2 |

കുറവ് വന്ന വിസ്തീർണ്ണത്തിന് വസ്തു നികുതി ചുമത്തേണ്ടതാണ്.

2) തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ 250m$^2$ ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് 15% വർദ്ധനവ് വരുത്തിയിട്ടില്ല.

| കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണ്ണം | ഈടാക്കിയ നികുതി @6per m2 + 20% (വഴിയുടെ അടിസ്ഥാനത്തിൽ) | 15% വർദ്ധനവായി ഈടാക്കേണ്ട തുക |
|---|---|---|---|---|
| IV/196A | മാളിയേക്കൽ ആന്റണി മകൻ ബെന്നി | 257.65 m2 | 1545.90 + 309.18 = 1855.08 | 232/- |
| XV/541A | ചാലിശ്ശേരി ഇട്ടിമണി മകൻ ജോർജ്ജ് | 252.04 m2 | 1512.24 + 302.45 = 1814.48 | 227/- |

അടിസ്ഥാന നികുതിയുടെ 15% വർദ്ധനവ് വരുത്തി നികുതി പുനർ നിർണ്ണയിക്കുകയും അധികം വരുന്ന 459/- രൂപ ഈടാക്കുകയും ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3) ആലപ്പാട് പനമുക്കത്ത് സജീവ് എന്നവരുടെ VI/325A നമ്പർ അനുവദിച്ച പാർപ്പിടത്തിന് ദ്വിതീയ മേഖല എന്ന് രേഖപ്പെടുത്തി 10% ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാൻ പ്രകാരം 7.2 മീറ്റർ വീതിയുള്ള റോഡാണ് കാണിച്ചിരിക്കുന്നത്. മേഖലാ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത് പ്രകാരം പഞ്ചായത്തിലെ പി.ഡബ്ല്യു.ഡി റോഡിൽ നിന്നും അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള പഞ്ചായത്ത് റോഡിൽ നിന്നും പ്രവേശനം ഉള്ളതും ആയതിന്റെ 150 മീറ്റർ പരിധിയിൽ വരുന്നതുമായ കെട്ടിടങ്ങളെ പ്രഥമ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തു നികുതി പുനർ നിർണ്ണയിച്ച് ഇളവ് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 2-9 എസ് .സി പഠനമുറി -വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2016-17 സാമ്പത്തികവർഷം അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വീടിനോടൊപ്പം എസ്.സി വിദ്യാർത്ഥികൾക്കുള്ള പഠനമുറി പണിതതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവരുടെ വസ്തുനികുതി നാളിതുവരെ പുതുക്കി നിർണ്ണയിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കെട്ടിടനമ്പർ | നിലവിലെ വീടിന്റെ തറവിസ്തീർണ്ണം | പഠനമുറിയുടെ തറവിസ്തീർണ്ണം | ആകെ |
|---|---|---|---|---|
| ഷാജിനി, w/oസുനിൽകുമാർ, ചെമ്പകശ്ശേരി | 2/16 | $72.44m^2$ | $11.26\ m^2$ | $83.7\ m^2$ |
| മണികണ്ഠൻ, വെളക്കത്ത്, ചാഴൂർ | 111/447 | $60m^2$ | $11.18\ m^2$ | $71.18\ m^2$ |

മേൽപറഞ്ഞ കെട്ടിടങ്ങൾ പരിശോധനാവിധേയമാക്കി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും 2017-18 മുതൽ നികുതി ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പാലിയേറ്റീവ് പരിചരണത്തിന് മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ 139/17, പാലിയേറ്റീവ് പരിചരണം എന്ന പദ്ധതിക്കായി 23.03.2017-ന് 34,700/- രൂപ കെ.എം.എസ്.സി.എൽ തിരുവനന്തപുരത്തിന് NEFT വഴി കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. ഇൻഡന്റ് തയ്യാറാക്കുകയോ നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ ചെയ്തതായി കാണുന്നില്ല. പ്രൊഫോർമ ഇൻവോയ്സ് ലഭിക്കാതെയാണ് തുക കൈമാറിയതായിട്ടുള്ളത്. നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ തുക കൈമാറിയതു സംബന്ധിച്ചും മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ചുമുള്ള വിവരത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/23.10.17-ന് മറുപടി ലഭ്യമായിട്ടില്ല.
മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നം. SOO 79/17, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 1,50,000/- രൂപ ആലപ്പുഴ ഹോംകോ മാനേജിംഗ് ഡയറക്ടർക്ക് NEFT വഴി 30.01.17-ന് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 3-3 എസ്.എസ്.എ. അധികവിഹിതം നൽകൽ -പഞ്ചായത്ത് വിഹിതമായി അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

പ്രൊജക്ട് നം. 30/17

തുക – 9,26,778/-

ബിൽ നം.1/16-17 തീയതി 1/12/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു.പി.സ്കൂൾ, കുറുമ്പിലാവ്

കുറുമ്പിലാവ് ഗവ. യു.പി.സ്കൂൾ ഹെഡ് മാസ്റ്റർ നിർവഹണോദ്യഗസ്ഥനായ, എസ്.എസ്.എ. അധികവിഹിതം നൽകൽ എന്ന പ്രോജക്റ്റിൽ, പഞ്ചായത്ത് വിഹിതമായി നൽകിയിരിക്കുന്നത് 926778/- രൂപയാണ്. എന്നാൽ എസ്.എസ്.എ.യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രപ്രകാരം 2016-17-ലെ ചെലവ് 1999390/- രൂപ മാത്രമാണ്. മൊത്തം ചെലവിന്റെ 40% മാത്രമായ 799756/- രൂപയാണ് തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതമായി നൽകേണ്ടത്. അധികം നൽകിയ 127022/- രൂപ വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

## 3-4 തുല്യതാ പരീക്ഷകൾ-രേഖകൾ ഹാജരാക്കിയിട്ടില്ല-39750/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം – ഹെഡ്മിസ്ട്രസ്, ഗവണ്മെന്റ് യു.പി.സ്കൂൾ, കുറുമ്പിലാവ്

എ) പതിനൊന്നാം തരം തുല്യതാ പരീക്ഷ

ബിൽ നം-7/28.3.17 തുക-24750/-

സാക്ഷരതാ തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പതിനൊന്നാംതരം തുല്യതയിലെ 10 പഠിതാക്കളുടെ കോഴ്സ് ഫീ ഒരാൾക്ക് 2475/- രൂപ വീതം 24750/- കേരള സംസ്ഥാന സാക്ഷരതാമിഷന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയിട്ടുണ്ട്.എന്നാൽ പഠിതാക്കളുടെ രജിസ്ട്രേഷൻ, പരീക്ഷ എഴുതിയതിന്റെ ഹാൾടിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ബി) പത്താം തരം തുല്യതാ പരീക്ഷ

ബിൽ നം-6/28.3.17 തുക-15000/-

സാക്ഷരതാ തുടർവിദ്യാഭ്യാസത്തിന്റെ ഭാഗമായി പത്താംതരം തുല്യതയിലെ 10 പഠിതാക്കളുടെ കോഴ്സ് ഫീ ഒരാൾക്ക് 1500/- രൂപ വീതം 15000/- കേരള സംസ്ഥാന സാക്ഷരതാമിഷന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ രജിസ്ട്രേഷൻ, പരീക്ഷ എഴുതിയതിന്റെ ഹാൾടിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ചെലവുരേഖകൾ ഹാജരാക്കുന്നതു വരെ 39750/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പോട്ട് കംപോസ്റ്റ് യൂണിറ്റ് - ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ – S0 218/17
അടങ്കൽ – വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് –526500)
ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത് –58500)

ട്രഷറി ബിൽനമ്പർ – 7/16-17/28.3.17

തുക – 70000/-

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 400 ഗുണഭോക്താക്കൾക്ക് പോട്ട് കംപോസ്റ്റ് യൂണിറ്റ് നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. പോട്ട് കംപോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യുവാൻ സോഷ്യോ എക്കണോമിക് ഫൗണ്ടേഷനുമായാണ് 20.1.17-ൽ കരാറിലേർപ്പെടുകയും ആദ്യഗഡുവായി 70000/- നൽകുകയും ചെയ്തു. 1170 രൂപ സബ്സിഡിയും 130 രൂപ ഗുണഭോക്തൃവിഹിതവുമായി ആകെ 1300 രൂപയായിരുന്നു ഒരു യൂണിറ്റിന്റെ വില. ഗുണഭോക്തൃവിഹിതം അടവാക്കിയ 106 പേർക്ക് ആദ്യഘട്ടമായി പോട്ട് കംപോസ്റ്റ് യൂണിറ്റ് നല്കി. 26.10.17-ന് നടത്തിയ സ്ഥല പരിശോധനയിൽ 13-ാം വാർഡിലെ 7 ഗുണഭോക്താക്കളുടെ വീടുകളിൽ സന്ദർശനം നടത്തിയതിൽ 2 പേർ മാത്രമേ ശരിയായി ഉപയോഗിക്കുന്നുള്ളൂ. എങ്കിലും വളം നാളിതുവരെ ഉപയോഗിച്ചിട്ടില്ലെന്നും അതിൽ മുഴുവനും പുഴ ആയതിനാൽ ഉപയോഗിക്കുവാൻ ബുദ്ധിമുട്ടാണെന്നുമാണ് ഗുണഭോക്താക്കൾ പറഞ്ഞത്.

സ്ഥലപരിശോധന നടത്തിയതിൽ മറ്റു അഞ്ചു ഗുണഭോക്താക്കളും പോട്ട് കംപോസ്റ്റ് യൂണിറ്റ് ഉപയോഗിക്കുന്നില്ല. ആയതിൽ രമ്യ സുരേഷ്, മേലിട്ട എന്നവരുടെ ഭവന പരിശോധന നടത്തിയപ്പോൾ പോട്ട് കംപോസ്റ്റ് യൂണിറ്റ് അവിടെ ഉണ്ടായിരുന്നില്ല. കൈമാറ്റം നടത്തിയതായാണ് അറിയാൻ കഴിഞ്ഞത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി മേൽ ഗുണഭോക്താവ് നൽകിയത് അറിവില്ലായ്മ കൊണ്ട് ചെയ്തതാണെന്നും ആയത് തിരികെ വാങ്ങാമെന്നുമാണ്. ആയത് നിർവഹണ ഉദ്യോഗസ്ഥൻ ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്.

ആത്യന്തികമായി മാലിന്യ സംസ്കരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ മേൽ പ്രോജക്ട് പരാജയപ്പെട്ടു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-6 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ - 612420

## രൂപ തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നടപ്പാക്കിയ താഴെ പ്പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട്/ പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ /തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | ജാതി കൃഷി വികസനം<br>s0144/17 | 3/16-17/31.1.17- 50,000 രൂപ തടസ്സപ്പെടുത്തുന്ന തുക – 20,000 രൂപ | 16 |
| 2 | തെങ്ങുകൃഷി വികസനം<br>s0147/17 | എ) 4/16-17/31.1.17<br>341583 രൂപ<br>ബി) 6/16-17 /27.3.17<br>158417 രൂപ | 153 |
| 3 | So 75/17<br>ജാതി കൃഷി വികസനം (സ്പിൽ ഓവർ ) | 5/16-17/ 27.3.17<br>15920 രൂപ | 15 |
| 4 | So 145/17<br>നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 13/16-17/ 31.3.17<br>76500/- രൂപ | 61 |

രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 612420/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

# 3-7 ആശ്രയ പദ്ധതി

